പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2876 | 17.10.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഭക്ഷ്യവസ്തുക്കളിലെ മായം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിലെ മായം, അവയിൽ അടങ്ങിയിരിക്കുന്ന വിഷാംശങ്ങൾ എന്നിവ കണ്ടെത്തുന്നതിന വേണ്ടി ആധുനിക സംവിധാനങ്ങളോടെയുള്ള പരിശോധനാ ലാബുകൾ ആരംഭിച്ചിട്ടുണ്ടോ; | എ) | ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ കീഴിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകളിൽ ഭക്ഷ്യവസ്തുക്കളിലെ മായം, കണ്ടുപിടിക്കുന്നതിനുള്ള ആധുനികസംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) | ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴങ്ങളും പച്ചക്കറികളും പരിശോധിക്കാൻ ചെക്ക് പോസ്റ്റുകളിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) | ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കാൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ചെക്ക് പോസ്റ്റുകളിൽ നിന്നും പഴങ്ങളും പച്ചക്കറികളും ശേഖരിച്ച് വെള്ളായണി കാർഷികകോളേജിലുള്ള പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധനകൾ നടത്തിവരുന്നു. |
| സി) | ഇതു സംബന്ധിച്ച മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) | എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | ഡി) | മനുഷ്യാവകാശകമ്മീഷന്റെ നിർദ്ദേശമനുസരിച്ച് പ്രത്യേക സ്ക്വാഡ് ഉപയോഗിച്ച് എല്ലാ ജില്ലകളിൽ നിന്നും പഴം, പച്ചക്കറി എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷികകോളേജിലുള്ള പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധിച്ചു വരുന്നു. പരിശോധനാഫലങ്ങളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഇ) | നഗരസഭകളിലും പഞ്ചായത്തുകളിലും മൊബൈൽ പരിശോധന ലാബുകൾ സജ്ജീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | ഇ) | മൊബൈൽ പരിശോധന ലാബുകൾ സജ്ജീകരിക്കുന്നതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരത്തും എറണാകുളത്തും ഓരോ മൊബൈൽപരിശോധനാ ലാബുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ ആദ്യത്തെ തിരുവനന്തപുരം കേന്ദ്രമാക്കിയുള്ള മൊബൈൽ ലാബിന്റെ ഉദ്ഘാടനം നടന്നുകഴിഞ്ഞു. എറണാകുളത്തുള്ള മൊബൈൽ ലാബ് ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.<br><br>നഗരസഭകളിലും പഞ്ചായത്തുകളിലും മൊബൈൽ പരിശോധന ലാബുകൾ സജ്ജീകരിക്കുന്ന നടപടികൾ ഇപ്പോൾ പരിഗണനയിലില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ